6-7-2012-SN-BC-1
10.30-10.40

ശ്രദ്ധക്ഷണിക്കൽ

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആനുകൂല്യങ്ങൾ

ശ്രീ. എസ്. ശർമ്മ: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ജനസമൂഹമായ മത്സ്യത്തൊഴിലാളി സമൂഹത്തിനുവേണ്ടി നമ്മുടെ നിയമ സഭ ഐകകണ്ഠ്യേന പാസ്സാക്കി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന ഒന്നാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ. ഒരു ആക്ടിനെ തുടർന്ന് രൂപംകൊണ്ട ആ കമ്മീഷന്റെ പ്രവർത്തനം 2009 ജനുവരി മാസ ത്തിലാണ് ആരംഭിച്ചത്. രണ്ട് മൂന്ന് ഘട്ടങ്ങളിലായി കടാശ്വാസ കമ്മീഷൻ കേരളത്തിലെ എല്ലാ ജില്ലകളിലും തെളിവെടുപ്പ് നടത്തുകയും ആ തെളി വെടുപ്പിനെത്തുടർന്ന് ഗവൺമെന്റിന് മുമ്പിൽ സമർപ്പിച്ച റെക്കമെന്റേ ഷൻസ് ഗവൺമെന്റ് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരികയായിരുന്നു. കമ്മീഷന്റെ പ്രവർത്തനത്തിൽ വന്നുകൊണ്ടിരിക്കുന്ന ചില ന്യൂനതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആ ന്യൂനതകൾ പരി ഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനുംവേണ്ടിയാണ് ഈ ശ്രദ്ധക്ഷണി ക്കൽ. വായ്പാ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ പ്രാഥമികമായി ആശ്രയിക്കുന്നത് മത്സ്യത്തൊഴിലാളി സംഘങ്ങളെയും മത്സ്യഫെഡി നെയുമാണെന്നാണ് കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിൽ വെളിപ്പെടുത്തി

യിരിക്കുന്നത്. കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട് ലഭിച്ച ഉടൻ അന്നത്തെ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുകയും കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം 48355 മത്സ്യത്തൊഴിലാളികളുടെ 115 കോടി രൂപയുടെ എൻ.സി.ഡി.സി. കടവും 9891 മത്സ്യത്തൊഴിലാളികളുടെ 11.82 കോടി രൂപയുടെ ഹഡ്കോ ഭവന കുടിശ്ശികയും പൂർണ്ണമായും ഏറ്റെടുക്കുകയും ആ തൊഴിലാളികളെ ഋണബാധ്യതയിൽ നിന്ന് മുക്തരാക്കിക്കൊണ്ട് 15–12–2009, 24–2–2010 എന്നീ തീയതികളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി കുറച്ച് ആശ്വാസം ലഭിച്ചൂവെങ്കിലും പൂർണ്ണമായും ആശ്വാസം ലഭിച്ചുവെന്ന് പറയാൻ സാധിക്കുകയില്ല. ഇതിനുശേഷം സഹകരണ മേഖലയിലെ ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട രണ്ടും മൂന്നും ഘട്ട റിപ്പോർട്ടാണ് 2010 സെപ്തംബർ മാസത്തിൽ ഗവൺമെന്റിന് കമ്മീഷൻ നൽകിയത്. രണ്ടാംഘട്ട റിപ്പോർട്ടിനെത്തുടർന്ന് ആദ്യം വിശദീകരിച്ച നാൽപ്പത്തെണ്ണായിരത്തിൽപ്പരം തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസം കൊടുത്തത് കൂടാതെ 32168 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹകരണ ബാങ്ക് വായ്പകളിൽ പരമാവധി 75,000 രൂപയുടെ കടാശ്വാസം അനുവദിക്കാനാണ് കമ്മീഷൻ ശുപാർശ ചെയ്തത്. കടാശ്വാസ സംഖ്യ മുഴുവൻ കടമായി അവശേഷിക്കുന്ന മുതൽ സംഖ്യയിൽ വകയിരുത്തുവാനും പലിശ, പിഴപലിശ എന്നിവ മത്സ്യത്തൊഴിലാളിക

ളിൽ നിന്നും ഈടാക്കരുതെന്നും കടാശ്വാസ സംഘ്യ വകയിരുത്തിയശേഷവും കടം അവശേഷിക്കുന്നുവെങ്കിൽ അത് അടച്ച് തീർക്കുന്നത് 12 ഗഡുക്കളായി അനുവദിക്കാനും കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. കമ്മീഷന്റെ ശുപാർശകൾ പരിഗണിച്ചുകൊണ്ട് അന്നത്തെ ഗവൺമെന്റ് 6-12-2010-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അതനുസരിച്ച് 241 കോടി രൂപയുടെ ആശ്വാസ നടപടികളാണ് രണ്ടും മൂന്നും ഘട്ട റിപ്പോർട്ടിൽ കമ്മീഷൻ റെക്കമെന്റ് ചെയ്തത്. ഇതിൽ ആദ്യ ഗഡുവായ 100 കോടി രൂപ അന്നത്തെ സർക്കാരിന്റെ കാലത്തു തന്നെ അനുവദിക്കുകയും ഫിഷറീസ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് അത് കൈമാറുകയും സഹകരണ വകുപ്പ് രജിസ്ട്രാറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്തു. കൂടാതെ പലിശ ഇനത്തിൽ 20 കോടി രൂപയും അനുവദിച്ചിരുന്നു. 10094 മത്സ്യത്തൊഴിലാളികളുടെ മത്സ്യഫെഡ് മുഖേനയുള്ള കടങ്ങൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിന് 12.44 കോടി രൂപ അനുവദിക്കുകയും ചെയ്തു. അതനുസരിച്ചുള്ള നടപടികൾ തുടർന്നുവരുന്നതിനിടയിൽ വന്നിരിക്കുന്ന പ്രധാനപ്പെട്ട ഒരു ന്യൂനത സഹകരണ വകുപ്പ് മുഖേന പ്രീ-ആഡിറ്റ് ചെയ്ത് കടാശ്വാസ സംഘ്യ വകയിരുത്തുന്ന നടപടി പൂർത്തീകരിക്കുന്നില്ല. ഇതുമൂലം ബാങ്കുകൾ മത്സ്യത്തൊഴിലാളികൾക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ച് അവരെ ബുദ്ധിമുട്ടിപ്പിക്കുകയാണ്. സഹകരണ ബാങ്കുകൾക്ക് കടാശ്വാസ

ത്തിനായി ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രീ-അഡിറ്റ് ചെയ്യാത്തിന്റെ ഫലമായി, സംഖ്യ വകയിരുത്തി കടം കണക്കാക്കാത്ത തിന്റെ ഫലമായി മൊറട്ടോറിയം നിലനിൽക്കുമ്പോൾ തന്നെ ജപ്തി നടപ ടികൾ സ്വീകരിക്കുകയാണ്. മാത്രവുമല്ല കടാശ്വാസ തുക മുതലിൽ വക വയ്ക്കുന്നതിന് പകരം പലിശയിലും പിഴപ്പലിശയിലുമായി തട്ടിക്കിഴിക്കുക യാണ് ചില സഹകരണ ബാങ്കുകൾ ഇപ്പോൾ ചെയ്തു വരുന്നത്. ഒരു ലക്ഷം രൂപ കടം കൊടുക്കാനുണ്ടെങ്കിൽ പ്രിൻസിപ്പൽ ഏമൗണ്ട് 50,000 രൂപയാണെങ്കിൽ ആ 50,000 രൂപ 75,000 രൂപയുടെ ആശ്വാസ അട വിൽപ്പെടുത്തി റൈറ്റ് ഓഫ് ചെയ്യുക എന്നതിന്റെ സ്ഥാനത്ത് പലിശയിലും പിഴപ്പലിശയിലും ചേർത്ത് ബാക്കി 25,000 രൂപ കടമുണ്ടെന്ന് പറഞ്ഞു കൊണ്ടുള്ള നടപടികൾ ചില ബാങ്കുകൾ സ്വീകരിക്കുന്നുണ്ട്. സഹകരണ വകുപ്പ് 2011 ഡിസംബർ മാസത്തിലിറക്കിയ ഒരു സർക്കുലാർ ദുർവിനി യോഗം ചെയ്താണ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത്. മത്സ്യത്തൊഴിലാളി സമൂഹത്തെ സംബന്ധിച്ചിടത്തോളം പ്രിൻസിപ്പൽ എ മൗണ്ടിൽ കടാശ്വാസം ഏർപ്പെടുത്തി, പലിശയും പിഴപ്പലിശയും ഒഴി വാക്കി, പലിശയിനത്തിൽ സംഘങ്ങൾക്ക് വരുന്ന തുകയുടെ 20 ശതമാനം കൊടുത്തുകൊണ്ടുള്ള ഗവൺമെന്റിന്റെ ഉത്തരവ് പ്രാബല്യ ത്തിൽ വരാത്തതിന്റെ ഫലമായി വന്നുചേർന്നിട്ടുള്ളതാണ് ഈ അവസ്ഥ. ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രശ്നം പ്രീ ആഡിറ്റ് ചെയ്ത തുക വകയിരു

ത്തുന്ന നടപടി പൂർത്തിയായിട്ടില്ല എന്നതാണ്. **241.15** കോടി രൂപയിൽ **100** കോടി രൂപ ഫിഷറീസ് ഡയറക്ടർക്ക് കൈമാറിയെങ്കിലും **141.15** കോടി രൂപ അടിയന്തരമായി അനുവദിക്കേണ്ടതുണ്ട്. ദൗർഭാഗ്യകരമെന്ന് പറയട്ടെ ഇത്തവണത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി തുക മാറ്റിവച്ചിട്ടില്ല. അടിയന്തരമായി ബാക്കി തുക കൂടി കൊടുത്തുതീർത്തുകൊണ്ട് കടം തീർക്കുന്നതിനും കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ഫിഷറീസ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മറ്റൊരു കാര്യം, കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ ഒന്നാണ് കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സർവ്വകലാശാല. സർവ്വകലാശാലയുടെ ഹൃദയം എന്നുപറയാവുന്ന, മത്സ്യ പ്രജനനത്തിന്റെ ഗർഭപാത്രമായി കണക്കാക്കാവുന്ന, ശാസ്ത്രലോകം അംഗീകരിച്ചിട്ടുള്ള മേഖലയാണ് പുതുവയ്പ് മേഖല. അവിടെനിന്ന് **20** ഏക്കർ സ്ഥലമെടുത്ത് പവർ പ്ലാന്റിന് കൊടുക്കകയാണ്. പവർ പ്ലാന്റ് വരണമെന്നുള്ള അഭിപ്രായമാണ് എനിക്കുമുള്ളത്. പക്ഷേ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് വേറെ സ്ഥലങ്ങളുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എസ്. ശർമ്മ, പ്ലീസ് കൺക്ലൂഡ്......... പ്ലീസ്.........

<u>ശ്രീ. എസ്. ശർമ്മ</u>: സർ, പുതുവയ്പിൽ കഴിഞ്ഞ ഒരാഴ്ചക്കാലമായി സത്യാഗ്രഹ സമരപരിപാടികൾ തുടരുകയാണ്. കൂടാതെ ജനകീയ കൺവെൻഷനും നടന്നു. നിയമസഭയിലേക്കുള്ള മാർച്ചും പ്രഖ്യാപിച്ചിരി

ക്കുകയാണ്. ഈ നിയസഭയിലെ അംഗങ്ങളായിട്ടുള്ള ശ്രീ. ടി.എൻ. പ്രതാപനും ശ്രീ. ഡൊമിനിക് പ്രസന്റേഷനുമുൾപ്പെടെയുള്ള അംഗങ്ങൾ അവിടം സന്ദർശിച്ചു. ആ സ്ഥലം കൈമാറ്റം ചെയ്യരുതെന്ന് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഫിഷറീസ് മേഖലയിലെ സർവ്വകലാശാലയുടെ തന്ത്രപ്രധാനമായ ഈ സ്ഥലത്തിന്റെ കൈമാറ്റം സംബന്ധമായ ഉത്തരവ് പെന്റിംഗിൽ വയ്ക്കുകയും ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും യുണിവേഴ്സിറ്റി പ്രതിനിധികളും കൂടി ആ സ്ഥലം സന്ദർശിച്ച് കാര്യങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും ചെയ്തതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ പാടുള്ളൂ എന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കടാശ്വാസകമ്മീഷൻ രൂപീകരിക്കാനുണ്ടായ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗവും മുൻമന്ത്രിയുമായ ശ്രീ. എസ്. ശർമ്മ ഇവിടെ വിശദീകരിക്കുകയുണ്ടായി. ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ കമ്മീഷൻ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കടാശ്വാസ കമ്മീഷൻ ഇതുവരെ നടത്തിയ തെളിവെടുപ്പുകളുടെ അടിസ്ഥാനത്തിൽ 9891 മത്സ്യത്തൊഴിലാളികളുടെ 11.82 കോടി രൂപയുടെ ഹഡ്കോ ഭവന വായ്പയും 48,355 മത്സ്യത്തൊഴിലാളികളുടെ 115 കോടി രൂപയുടെ എൻ.സി.ഡി.സി.

വായ്പാകുടിശ്ശികയും എഴുതിത്തള്ളിയിട്ടുണ്ട്. സഹകരണ ബാങ്കുക ളിൽനിന്ന് വായ്പയെടുത്ത അർഹരായ 37,194 പേരുടെ ലിസ്റ്റ് കടാശ ്വാസം നൽകുന്നതിന്റെ നാലാം ഘട്ടമായി ശുപാർശ ചെയ്തിട്ടുണ്ട്. ഇവരുടെ അക്കൗണ്ടുകൾ പ്രീ ഓഡിറ്റ് ചെയ്ത് കടാശ്വാസ തുക ബന്ധ പ്പെട്ട അക്കൗണ്ടുകളിൽ വകയിരുത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മത്സ്യത്തൊഴിലാളികൾ ദേശസാത്കൃത-ഷെഡ്യൂൾഡ് ബാങ്കുക ളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിന്മേൽ കടാശ്വാസം നൽകുകയെ ന്നത് നേരത്തെ രൂപം നൽകിയ നിയമത്തിലില്ലായിരുന്നു. ഞങ്ങൾ വന്നതി നുശേഷം നാഷണലൈസ്ഡ് -ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്കുകൂടി കടാശ്വാസം നൽകുന്ന തുമായി ബന്ധപ്പെട്ട് 23-05-2012-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാന ബാങ്കേഴ്സ് കമ്മിറ്റിയുമായി ചർച്ച ചെയ്തെങ്കിലും അവരുടെ അഭിപ്രായം അറിയിച്ചിട്ടില്ല. ഏതായാലും കടാശ്വാസ നിയമപ്രകാരമുള്ള മാനദണ്ഡ ങ്ങൾ പാലിച്ചുകൊണ്ട് അർഹതയുള്ള എല്ലാ അപേക്ഷകർക്കും കടാശ്വാസം നൽകുന്നതിനുള്ള നടപടികൾ കമ്മീഷൻ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. മോറട്ടോറിയം കാലാവധി 31-12-2012- വരെ ദീർഘി പ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കടാശ്വാസം നൽകുന്നതുമായി ബന്ധപ്പെട്ട് ചില കൺഫ്യൂഷൻസുണ്ടായി രുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും ഞാനും ഫിഷറീസ് വകുപ്പിമന്ത്രിയും കടാശ്വാസ കമ്മീഷനുമായുള്ള സംയുക്ത യോഗം വിളി

ച്ചുകൂട്ടി ഇക്കാര്യം ചർച്ച ചെയ്ത് പരിഹരിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതു പോലെ മുതലിൽ വകയിരുത്തുന്നതിനുപകരം പലിശയിലും പിഴപ്പലിശ യിലും വകയിരുത്തുന്ന സമ്പ്രദായം മാറ്റുന്നതിനായി കർക്കശമായ നിർദ്ദേശം കൊടുത്തുവെന്നുമാത്രമല്ല, കടാശ്വാസ കമ്മീഷന്റെ നിർദ്ദേശ ങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥന്മാരുടെ പേരിലും ബാങ്കുകളുടെ പേരിലും ക്രിമിനൽ ആക്ഷൻ എടുക്കാൻ നിർബന്ധിതരാകുമെന്നുകൂടി അറിയിച്ചിട്ടുണ്ട്. അതിനുശേഷം അത്തരമൊരു പ്രശ്നം എന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. അങ്ങനെ ഏതെങ്കിലും പ്രശ്നം ചൂണ്ടിക്കാണിച്ചാൽ തീർച്ച യായും ആ പ്രശ്നം ഗവൺമെന്റ് ഗൗരവമായിപരിശോധിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് കടാശ്വാസ കമ്മീഷൻ സ്വീകരിച്ച നട പടികൾ അതുപോലെ തുടരുകയാണെന്നു മാത്രമല്ല, നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും അന്ന് കടാശ്വാസ കമ്മീഷന്റെ നിയമത്തിൽ വന്നിരുന്നില്ല. ആ കാര്യം കൂടി പരിശോധിച്ചുകൊണ്ടിരിക്കു കയാണ് ആ നടപടി പൂർത്തിയായിട്ടില്ല. പുതുവയ്പിലെ ഫിഷറീസ് റിസർച്ച് സ്റ്റേഷന്റെ സ്ഥലവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉണ്ടായി രുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുകൂട്ടി. ഫിഷറീസ് സർവ്വകലാശാലയുടെ താൽപ്പര്യങ്ങൾ നൂറുശത മാനവും സംരക്ഷിച്ചുകൊണ്ടുതന്നെ അവിടെ എൽ.എൻ.ജി. പവർ സ്റ്റേഷൻ കൂടി ആരംഭിക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അവിടെ യൂണിവേഴ്സിറ്റിക്ക് 50 ഏക്കർ സ്ഥലമാണുള്ളത്. ആ

സ്ഥലത്ത് ഓഷ്യൻ സയൻസ് ആന്റ് ടെക്നോളജി, ഓഷ്യൻ എഞ്ചിനീയറിംഗ് എന്നിവ ഉൾപ്പെടെ 32 പോണ്ടുകളാണുള്ളത്. അതിൽ 20 ഏക്കർ സ്ഥലം എൽ.എൻ.ജി.ക്ക് കൈമാറുമ്പോൾ 12 പോണ്ട്സിന്റെ സ്ഥലം അവിടെ ഇല്ലാതാകും. പക്ഷേ വൈസ് ചാൻസലറുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ 12 പോണ്ട്സ്കൂടി 30 ഏക്കർ സ്ഥലത്ത് സ്ഥാപിക്കാൻ സാധിക്കും; മാത്രമല്ല, രണ്ട് സ്കൂൾ ക്യാമ്പസ്സിനാവശ്യമായ 20 ഏക്കർ സ്ഥലമാണ് അവർക്ക് ആവശ്യമുള്ളത് എന്നാണ് മനസ്സിലായത്. ഒരുമിച്ചു കിടക്കുന്ന 50 ഏക്കർ സ്ഥലത്തുനിന്ന് ഇക്കോളജിക്കലി ഫ്രജയിലായ മത്സ്യപ്രജനനത്തിന്റെ ഗർഭപാത്രമെന്ന് വിശേഷിപ്പിച്ച 30 ഏക്കർ സ്ഥലത്തിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. എന്നാൽ എൽ.എൻ.ജി. പ്ലാന്റിനുവേണ്ടി കൊടുക്കാൻ തീരുമാനിച്ചിരുന്ന 20 ഏക്കറിനുപകരമായി കൊച്ചിൻ പോർട്ടിൽ നിന്നും 20 ഏക്കർ സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കൊച്ചിൻ പോർട്ട് സ്ഥലം തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ തീരുമാനമെടുക്കാനായി മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഫിഷറീസ് സർവ്വകലാശാല വൈസ്ചാൻസലർ പങ്കെടുത്തിരുന്നു. അദ്ദേഹവുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവർക്കുകൂടി സ്വീകാര്യമായ വിധത്തിലാണ് അതിന് തൊട്ടടുത്തുള്ള 20 ഏക്കർ സ്ഥലം കൊടുക്കാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട എസ്. ശർമ്മ പ്രകടിപ്പിച്ച ആശങ്കകൾ ശരിയാണ്. ഇത് ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങളെ യാതൊരു

തരത്തിലും ബാധിക്കാൻ പാടില്ലെന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് നിർബന്ധമുണ്ട്. അതുകൊണ്ട് ഫിഷറീസ് സർവ്വകലാശാലയുടെ എല്ലാ താൽപ്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട് വൈപ്പിൻ നിയോജക മണ്ഡല ത്തിൽ എൽ.എൻ. ജി. പവർ പ്ലാന്റുകൂടി ആരംഭിക്കത്തക്കവിധത്തിലാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഫിഷറീസ് സർവ്വകലാശാലയുടെ താൽപ്പര്യത്തിന് ഒരു തരത്തിലും ഗവൺമെന്റ് എതിരു നിൽക്കുകയില്ല. ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യുന്നതല്ല. ഫിഷറീസ് സർവ്വകലാശാല ആഗ്രഹിച്ചതുപോലെ അവർക്ക് ക്യാമ്പസ്സ് നിർമ്മാണത്തി നുവേണ്ടി 20 ഏക്കർ സ്ഥലം തൊട്ടടുത്തുള്ള കോമ്പൗണ്ടിൽ കൊടുക്കു ന്നു. ഇതിൽ യാതൊരു ആശങ്കയുടെയും പ്രശ്നമുദിക്കുന്നില്ല. ഫിഷറീസ് സർവ്വകലാശാലയുടെ ആവശ്യങ്ങൾക്ക് ഗവൺമെന്റ് കൂടുതൽ മുൻഗ ണന കൊടുക്കുന്നതാണ്. സമുദ്ര പഠനത്തിനും ഫിഷറീസ് മേഖലയിലെ പഠനത്തിനുമുള്ള ഏറ്റവും വലിയ ഒരു കേന്ദ്രമാക്കി, ഒരു സെന്റർ ഓഫ് എക്സലൻസായി ഈ സർവ്വകലാശാലയെ മാറ്റണമെന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. അതനുസരിച്ച് മുന്നോട്ടു പോവുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട മന്ത്രി യൂണിവേഴ്സിറ്റി യുടെ സ്ഥലത്തെക്കുറിച്ച് പറഞ്ഞപ്പോൾ സർവ്വകലാശാലയുടെ താൽപ്പ ര്യം സംരക്ഷിച്ചുകൊണ്ട് യാതൊരു കുഴപ്പവുമില്ലാത്തവിധത്തിൽ മാറ്റാമെ ന്നാണ് പറഞ്ഞത്. എന്നാൽ, ഇവിടെ 20-07-2011–ന് എന്റെ സബ്മിഷന് മറുപടിയായി ഒരു കാരണവശാലും അങ്ങനെ ചെയ്യില്ലെന്ന് അസന്നിഗ്ദ്ധ

മായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ അഭിപ്രായം പറഞ്ഞത്. അതിനുശേഷമാണ് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത ഈ മാറ്റം സംഭവിച്ചിരിക്കുന്നത്. ഈ ഉത്തരവിറക്കിയതിനുശേഷം ഈ സ്ഥലം വിട്ടുകൊടുക്കരുതെന്ന് പറഞ്ഞ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. ഇതിനെതിരായി എല്ലാ എം.എൽ.എ. മാരും ഒപ്പിട്ട ഒരു നിവേദനം നൽകിയിരുന്നു. ഈ യൂണിവേഴ്സിറ്റിയുടെ ഹൃദയഭാഗമെന്ന് വിശേഷിപ്പിക്കാവുന്ന സ്ഥലമാണ് ഇപ്പോൾ എൽ.എൻ. ജി. പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഫീഷറീസ് വകുപ്പുമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും യൂണിവേഴ്സിറ്റിയുടെ ഗവേണിംഗ് കൗൺസിൽ അംഗങ്ങളായ ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. ടി. എൻ. പ്രതാപനും കൂടി സ്ഥലം വിസിറ്റ് ചെയ്ത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാൻ പാടുള്ളൂ. അല്ലെങ്കിൽ വലിയൊരു പാതകമായിരിക്കും അവിടെ ചെയ്യാൻ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിട്ടുള്ള ഉറപ്പ് പൂർണ്ണമായി പാലിക്കണം. ഉറപ്പ് നൽകിയതിനുശേഷവും അവിടെമാറ്റം സംഭവിച്ചിട്ടുണ്ട്. അങ്ങനെ സംഭവിക്കാൻ പാടില്ലായിരുന്നു. ഞങ്ങൾ എല്ലാവരും കൂടി ഒപ്പിട്ടുതന്ന നിവേദനം അംഗീകരിച്ചുകൊണ്ടാണ് അദ്ദേഹം മറുപടി പറഞ്ഞത്. അതായത് ഇപ്പോൾ ഇറക്കിയിരിക്കുന്ന ഉത്തരവ് Kept in abeyance –ൽ വച്ചുകൊണ്ട് ബന്ധപ്പെട്ടവർ

സ്ഥലം വിസിറ്റ് ചെയ്ത് അഭിപ്രായ സമന്വയത്തിലൂടെ മാത്രമേ ഇക്കാര്യ ത്തിൽ തീരുമാനമെടുക്കാൻ പാടുള്ളൂ എന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്ന യിച്ച ചോദ്യങ്ങൾക്കുള്ള മറുപടി ശ്രീ. കെ. ബാബു ഇവിടെ പറഞ്ഞു. യൂണിവേഴ്സ്റ്റിയും നമ്മുടെ അഭിമാന പ്രോജക്ടായ പവർ പ്ലാന്റും പലവി ധത്തിലും കേരളത്തിനാവശ്യമാണ്. യൂണിവേഴ്സിറ്റിയുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും യാതൊരു തർക്കവു മില്ല. ഇത് രണ്ടും വേണം എന്നുള്ളതുകൊണ്ടാണ് ഒരു യോഗം വിളിച്ചു കൂട്ടിയത്. ആ യോഗത്തിൽ വച്ചാണ് യൂണിവേഴ്സിറ്റിയും പവർ പ്രോജക്ടും വേണമെന്നുള്ള വ്യക്തമായ ധാരണയുണ്ടാക്കിയത്. പവർ പ്രോജക്ടിന് യൂണിവേഴ്സിറ്റിയുടെ കുറച്ചുസ്ഥലം കൂടി ആവശ്യമുണ്ട്. ആ സമയത്ത് യൂണിവേഴ്സിറ്റിക്ക് അതുപോലെ തന്നെ പ്രയോജനപ്പെ ടുന്ന ഭൂമി പോർട്ട് ട്രസ്റ്റ് കൊടുക്കണമെന്ന് വ്യക്തമായ ധാരണയുണ്ടായി. മിനിറ്റ്സിലും അങ്ങനെ തന്നെ വന്നിട്ടുണ്ട്. പക്ഷേ ഗവൺമെന്റ് ഓർഡർ വന്നപ്പോൾ ആ ഭാഗം വിട്ടുപോയി. അതൊരു തെറ്റാണ്. പക്ഷേ, Kept in abeyance –ൽ ഒന്നും ഈ ഗവൺമെന്റ് വിശ്വസിക്കുന്നില്ല. അത് അമെന്റ് ചെയ്തുകൊണ്ടുള്ള ഗവൺമെന്റ് ഓർഡർ ഇറക്കി. ആ ഗവൺമെന്റ് ഓർഡർ മോഡിഫൈ ചെയ്തു. . . . .. .... and the Cochin Port Trust be requested to provide 20 acres of land close to the existing site, for

the requirement of the Fisheries University. ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് ഉതകത്തക്ക വിധത്തിലുള്ള അതിനോടനുബന്ധിച്ചുള്ള 20 ഏക്കർ സ്ഥലമാണ് കൊടുക്കുന്നത്. ഇപ്പോൾ അവർ ചൂണ്ടിക്കാണിച്ച സ്ഥലം അപ്രായോഗികമാണെന്ന് ശ്രീ. കെ. ബാബു തന്നെ പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് ഓർഡറിൽ സ്പെസിഫിക്കായി വന്നിട്ടുള്ളത്. പോർട്ട് ട്രസ്റ്റ് ചെയർമാനോട് നേരിട്ട് ഇക്കാര്യം സംസാരിച്ചു. അതുസംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ട. യൂണിവേഴ്സിറ്റിക്ക് യോജിക്കുന്ന സ്ഥലം തന്നെ നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, പോർട്ട് ട്രസ്റ്റ് ചെയർമാൻ പോൾ ആന്റണിയും ഞാനും അങ്ങുമായി സംസാരിച്ചിരുന്നു. അവർ കൊടുത്ത സ്ഥലം കടലാണ്, കടലാണ് അവർ ചൂണ്ടിക്കാണിച്ചത്. യൂണിവേഴ്സിറ്റിയുടെ സ്ഥലം 20 ഏക്കർ കൊടുക്കുന്നതിനുള്ള ഉത്തരവിറക്കുകയും പകരം കൊടുക്കുമെന്ന് പറഞ്ഞിട്ട്.....ഞാൻ ചോദിക്കട്ടെ, ഇപ്പോൾ ഈ 20 ഏക്കർ സ്ഥലം പോർട്ട് ട്രസ്റ്റ് എന്തിനാണ് ഇങ്ങോട്ട് കൊടുക്കുന്നത്; അവിടെ പവർ പ്ലാന്റ് പണിതാൽ പോരേ?

ശ്രീ. ഉമ്മൻ ചാണ്ടി: പ്രായോഗികമായ ഒരു പ്രശ്നമുള്ളതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. നേരത്തെ ചൂണ്ടിക്കാണിച്ച സ്ഥലം അപ്രായോഗികമാണെന്ന് ശ്രീ. കെ. ബാബുവും അവിടെപ്പോയ എം.എൽ.എ. മാരും പറഞ്ഞു. അതുകൊണ്ട് ആ സ്ഥലമെന്നുള്ള പ്രശ്നമേ ഇല്ല. കഴിഞ്ഞ

ദിവസമാണ് ഈ ജി.ഒ. അമന്റ് ചെയ്ത് ഇറക്കിയത്. അതനുസരിച്ച് ഈ ജി.ഒ. ഇറക്കുമ്പോൾത്തന്നെ ശ്രീ. പോൾ ആന്റണിയുമായി സംസാരിച്ചു. അതനുസരിച്ച് യൂണിവേഴ്സിറ്റിക്ക് സ്വീകാര്യമായ സ്ഥലം തന്നെ ഉറപ്പുവരുത്തുന്നു. നമുക്ക് ഇത് രണ്ടും വൈകിക്കാൻ സാധിക്കില്ല. ഇതുപോലെയുള്ള ഭൂമി പ്രശ്നത്തിലാണ് നമ്മുടെ ഓരോ പ്രോജക്റ്റും താമസിച്ചുപോകുന്നത്. ഒരു കാരണവശാലും ഇത് വൈകരുതെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. അതുകൊണ്ട് ഒരു ആശങ്കയും വേണ്ട. ആവശ്യമായ സ്ഥലം, യൂണിവേഴ്സിറ്റിക്ക് യോജിച്ച സ്ഥലം തന്നെ തരും.

## ഇന്റർനെറ്റ് ദുരുപയോഗം

ശ്രീ. സി. മമ്മൂട്ടി: സർ, കേരളം നേരിടുന്ന അത്യന്തം ഗൗരവതരമായ ഒരു വിഷയത്തിലേയ്ക്കാണ് സഭയുടേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധ ക്ഷണിക്കുന്നത്. മാന്യമായി ജീവിക്കുന്ന സ്ത്രീകളുടെ സ്വകാര്യതയിലേയ്ക്കും കുട്ടികളിലേയ്ക്കും ആധുനികതയുടെ മുഖമായി മാറിയ ഇ-മെയിൽ, സോഷ്യൽ നെറ്റ് വർക്ക്, ഫെയ്സ് ബുക്ക്, ഇന്റർനെറ്റ് തുടങ്ങിയ മേഖലകളിലൂടെ അതിക്രമങ്ങൾ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. അത്തരം ഗൗരവതരമായ വിഷയത്തിൽ അടിയന്തരവും സത്വരവുമായ നടപടി സ്വീകരിച്ച് അത് അവസാനിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടിയുണ്ടാകണമെന്ന് ആദ്യമായി അഭ്യർത്ഥിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാടെന്ന് നാം അഭിമാനിക്കുന്ന കേരള

മാണ് അശ്ലീല സാമ്രാജ്യത്തിന്റെ ഇന്റർനെറ്റിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നത്. സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന നമ്മുടെ സംസ്ഥാനം അശ്ലീലം പ്രചരിപ്പിക്കുന്നതിലും രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നുവെന്നാണ് ഏറ്റവുമൊടുവിൽ പുറത്തുവന്ന കണക്കുകൾ വ്യക്തമാക്കുന്നത്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ 2011-ലെ ഏറ്റവും അവസാനത്തെ കണക്കുപ്രകാരം അശ്ലീല ഫോട്ടോകളും ലേഖനങ്ങളും നെറ്റിൽ പോസ്റ്റ് ചെയ്തതിന് കിട്ടിയ ആകെ കേസുകൾ 496 ആണെങ്കിൽ അതിൽ 136-ഉം (27%) കേരളത്തിൽ നിന്നാണ്. അശ്ലീല പോസ്റ്റിംഗ് സംബന്ധിച്ചുള്ള കേസ്സിൽ റിപ്പോർട്ട് ചെയ്ത 245 സംഭവങ്ങളിൽ 55 ശതമാനവും കേരളത്തിന്റെ വിഹിതമാണ്. ആന്ധ്രയിൽ 52 ശതമാനവും രാജസ്ഥാനിലും മദ്ധ്യപ്രദേശിലും 40 ശതമാനവും വീതവുമാണുള്ളത്. ഇതിന് ആകെ 443 പേർ അറസ്റ്റ് ചെയ്യപ്പെട്ടു. മാത്രമല്ല 1 ലക്ഷത്തിലധികം ജനസംഖ്യ വരുന്ന 53 നഗരങ്ങൾ ഇൻഡ്യയിൽ എടുത്തപ്പോൾ അതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കൊച്ചിയാണ്. നെറ്റിൽ സ്ത്രീകളെ ശല്യപ്പെടുത്തുകയും മോശമായ പരാമർശങ്ങൾ നടത്തുകയുമാണ് ഇവിടെ ചെയ്യുന്നത്. ഇക്കാര്യത്തിലും രാജ്യത്ത് രണ്ടാം സ്ഥാനം കേരളത്തിനാണ്. 98 കേസ്സുള്ള ആന്ധ്രാപ്രദേശ് ഒന്നാം സ്ഥാനത്തും 85 കേസ്സുള്ള കേരളം രണ്ടാം സ്ഥാനത്തും നിൽക്കുകയാണ്. ഇതിൽ മിക്കതും വിരോധം തീർക്കാനും പണത്തിന് വേണ്ടിയുമാണ് ദുരു

പയോഗം ചെയ്യുന്നത്. സ്ത്രീകളുടെ ഫോട്ടോ മോർഫിംഗ് ചെയ്ത് അവർ പിറന്ന അവസ്ഥയിലാക്കിക്കൊണ്ട് വെബ്സൈറ്റിലിടുന്ന ധാരാളം മനോരോഗികൾ കേരളത്തിലുണ്ട് എന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഇത്തരം ഹൈടെക്ക് കുറ്റങ്ങൾ ഓരോ വർഷവും കൂടിക്കൂടി വരികയാണ്. 2010-ൽ 11,000 പരാതികളാണ് വന്നതെങ്കിൽ 2011-ൽ 12,600 പരാതികൾ വന്നു. ഇപ്പോൾ വർഷം പകുതി കഴിഞ്ഞിട്ടേയുള്ളൂ, ഈ വർഷം ഇതിനകം തന്നെ 6,000 പരാതികൾ വന്നിട്ടുണ്ട്. മാന്യമായി ജീവിക്കുന്ന സ്ത്രീകളുടെ ഫോട്ടോ മോർഫിംഗ് നടത്തി മാനഹാനി വരുത്തുക, ഭീഷണിപ്പെടുത്തുക എന്നിട്ട് പണം തട്ടുക, കാര്യങ്ങൾ സാധിച്ചെടുക്കുക, ഇ-മെയിൽ വഴി ശല്യം ചെയ്യുക - 60 ശതമാനവും ഇങ്ങനെയുള്ള കേസ്സുകളാണ്. 25 ശതമാനം മൊബൈൽ ഫോണിലൂടെ ശല്യം ചെയ്യുന്ന കേസ്സുകളാണ്. വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവണതകളെ വളരെ ഗൗരവമായി കണ്ടില്ലെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയുന്ന നമ്മുടെ ഈ നാട് ദൈവത്തിന്റെ ശാപമേൽക്കുന്ന ഏറ്റവും വലിയ നാടായി മാറും. സമഗ്രമായ ഒരു നിയമത്തിന്റെ അഭാവം കേരളത്തിലുണ്ട്. തുണിക്കടകളിൽ ട്രയൽ റൂം (ഡ്രസ്സിംഗ് റൂം) ഉണ്ട്. ട്രയൽ റൂമിൽ പോയി വസ്ത്രം മാറ്റുന്നതുപോലും ഒളി ക്യാമറയിൽ പിടിച്ചെടുക്കുന്ന സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹോട്ടലുകളിലെ ബാത്ത് റൂമുകളിൽ ഒളിക്യാമറ വച്ച് അത് പകർത്തുന്നത് ഇതിനകം തന്നെ പല സ്ഥലങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ധൈര്യമായി ഒരിടത്ത് ഇറങ്ങുവാനോ

പോകുവാനോ കഴിയാത്ത ഒരു അവസ്ഥാവിശേഷം ഇതിലൂടെ വന്നിട്ടുണ്ട്. ഇക്കാര്യം വളരെയേറെ ഗൗരവത്തോടുകൂടി കാണണം. ഹയർ സെക്കന്ററി സ്കൂളിൽ ഫോൺ ഉപയോഗിക്കരുതെന്ന നിയന്ത്രണമുണ്ട്. എന്നാൽ കോളേജുകളിൽ അതിന് നിയന്ത്രണം വന്നിട്ടില്ല. ഇ–മെയിലിലൂടെ ഇപ്പോൾ വരുന്ന പുതിയ മെസേജുകൾ – കാമുകികളെ വേണമോ? – ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണ്. എന്നിട്ട് എങ്ങനെ വശത്താക്കണമെന്നതിനെക്കുറിച്ച് അതിന്റെ മെസേജുകൾ കൊടുക്കുകയാണ്. അങ്ങനെ പുതിയൊരു അവബോധം തെറ്റായ രീതിയിൽ കുട്ടികൾക്ക് കൊടുക്കുകയും അതുവഴി അപഥസഞ്ചാരത്തിലേയ്ക്ക് കുട്ടികളെ നയിച്ച് ട്രാപ്പിൽപ്പെടുത്തികൊണ്ട് അവരെ അനാശാസ്യപ്രവണതകളിലേയ്ക്ക് എത്തിച്ചിരിക്കുന്ന അത്യന്തം ഗുരുതരമായ ഒരു അവസ്ഥാവിശേഷം കേരളത്തിൽ നടക്കുന്നുവെന്നത് സഭ വളരെ ഗൗരവത്തോടുകൂടി കാണണം. ഇതുപോലെയുള്ള ധാരാളം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പഠിക്കുന്ന കുട്ടികൾ അപേക്ഷ അയയ്ക്കുന്നതിനുവേണ്ടി അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ മോർഫിംഗ് ചെയ്ത് ആ കുട്ടികളുടെ ഫോട്ടോ കോപ്പിചെയ്ത് സോഷ്യൽ നെറ്റ് വർക്കിൽ ഇടുകയാണ്. ഇവർ തന്നെ ഞെട്ടിപ്പോകുകയാണ്. കഴിഞ്ഞ ദിവസം ഇത്തരമൊരു റിപ്പോർട്ട് പത്രത്തിൽ വന്നു. മിക്ക പത്രങ്ങളിലും കുട്ടികൾക്ക് അവബോധം നൽകുന്ന തരത്തിലുള്ള ലേഖനങ്ങളൊക്കെ വരുന്നുണ്ടെങ്കിലും അത് വേണ്ടത്ര ഫലവത്തായി കാണുന്നില്ല. കുട്ടികൾക്ക് വായിക്കുന്ന ഒരു വിവരമല്ലാതെ മറ്റ്

രൂപത്തിൽ ഇത് തടയുന്നതിനുള്ള ഒരു സംവിധാനവും ഇന്നില്ല. അതു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, സമ ഗ്രമായ ഒരു നിയമം ഇക്കാര്യത്തിൽ കൊണ്ടുവരണം. കൂടാതെ സ്കൂൾ കുട്ടികൾക്ക് ഇതിനെക്കുറിച്ച് അവബോധം കൊടുക്കണം. കുട്ടികൾ പല പ്പോഴും അറിയാതെ ഇതിൽ പെട്ടുപോകുന്നുണ്ട്. പോലീസും വിദ്യാഭ്യാസ വകുപ്പും മറ്റ് വകുപ്പുകളുമൊക്കെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ശക്തമായ സംവിധാനമുണ്ടാക്കി കുട്ടികൾക്ക് അവബോധം കൊടു ക്കാനും സ്ത്രീകളോട് ഇത്തരം കാര്യങ്ങളെക്കുറിച്ച് ജാഗ്രത പാലിക്കാനും – ഒളി ക്യാമറകൾ എവിടെ, എങ്ങനെയൊക്കെ വരുന്നുവെന്നുള്ള സാദ്ധ്യ തകളെക്കുറിച്ച് മനസ്സിലാക്കാനുമൊക്കെയുള്ള സംവിധാനമൊരുക്കി ക്കൊണ്ടും അതോടൊപ്പം സമഗ്രമായ നിയമത്തിലൂടെ ഇത് നിരോധിക്കു ന്നതിനും നമ്മുടെ സമ്മതമില്ലാതെ മൊബൈലിലേയ്ക്ക് തെറ്റായ മെസേജ് വരുന്നത് തടയുവാനും അശ്ലീലച്ചുവയുള്ള മെസേജുകൾ ഇല്ലാതാ ക്കുവാനും ശക്തവും വ്യക്തവുമായ നടപടിയുണ്ടാകണമെന്ന് വിനീത മായി അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): സർ, ബഹുമാന്യനായ അംഗം ശ്രീ. സി. മമ്മൂട്ടി വളരെ ഗൗര വതരമായതും ഈ കാലഘട്ടത്തിൽ നമ്മുടെ സമൂഹം അഡ്രസ്സ് ചെയ്യേണ്ടതുമായ വളരെ സീരിയസ്സായ ഒരു പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. സമഗ്രമായ ഒരു നിയമം കൊണ്ടുവരു

ന്നതിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. സമഗ്രമായ നിയമം ഗവൺമെന്റിന്റെ പ്രയോറിറ്റിയിൽ നിൽക്കുകയാണ്. ആ നിയമം ഉണ്ടാക്കുന്നതിനുമുമ്പ് നമ്മുടെ സഹോദരിമാരുടെ പ്രൈവസിയും ഡീസൻസിയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം ഉണ്ടാക്കുന്നതിന്റെ പ്രാഥമികമായ ചർച്ചകൾ പലതലത്തിൽ നടത്തിക്കഴിഞ്ഞു. ആ നിയമത്തിന്റെ ഡ്രാഫ്റ്റ് ഉണ്ടാക്കുന്നതിന് തൊട്ടുമുമ്പായി ഈ നിയമസഭയിലെ വനിതാ അംഗങ്ങളടക്കം, സ്ത്രീശാക്തീകരണത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നേതാക്കന്മാരടക്കം, ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരടക്കമുള്ളവരുടെ ഒരു യോഗം ഞങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. നിയമം ഡ്രാഫ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമത്തിലാണ് ഞങ്ങൾ നിൽക്കുന്നത്. ഒരു നിയമം ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഗവൺമെന്റ് കാണുകയും ചെയ്യുന്നു. കേരളത്തിൽ ഇപ്പോൾ 3 കോടിയോളം മൊബൈൽ ഫോൺ കണക്ഷനുകളും **15** ലക്ഷം ഇന്റർനെറ്റ് കണക്ഷനുകളുമുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിന്റെ പോപ്പുലേഷനോട് തൊട്ടടുത്ത് വരത്തക്കവിധത്തിലുള്ള മൊബൈൽ കണക്ഷനുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. വ്യക്തികളിൽ പ്രത്യേകിച്ച് സ്ത്രീകളും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളും ഇന്റർനെറ്റിന്റെ ദുരുപയോഗം മൂലം പലപ്പോഴും വഞ്ചിക്കപ്പെടാറുണ്ട്. ഇന്റർനെറ്റിലുള്ള വിവിധ അശ്ലീല സൈറ്റുകൾ യാതൊരു നിയന്ത്രണവും കൂടാതെ ആർക്കുവേണമെങ്കിലും സന്ദർശിച്ച് അതിലെ അശ്ലീല വീഡിയോ ചിത്ര

ങ്ങളും മറ്റും കാണുന്നതിനും അവ പകർത്തുന്നതിനുമുള്ള സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. വീടുകളിൽ മാതാപിതാക്കളുടെ നിയന്ത്രണം വന്നുകഴിഞ്ഞാൽ വീടുകളുടെ പുറത്തുള്ള ഇന്റർനെറ്റ് സൈറ്റിൽ പോകുന്നതിനുള്ള ശ്രമമാണ് അവർ നടത്തുന്നത്. അതുകൊണ്ട് ഇന്റർനെറ്റ് കണക്ഷൻ ഇല്ലാത്തവർക്കും ഇന്റർനെറ്റ് കഫേകളിൽ പോകാനുള്ള സൗകര്യമില്ലാത്തവർക്കും മൊബൈൽ ഫോൺ വഴിയുള്ള ഇന്റർനെറ്റ് കണക്ഷൻ ഇപ്പോൾ സുലഭമാണ്. ഫെയ്സ് ബുക്ക്, ട്വിറ്റർ, ഓർക്കുട് തുടങ്ങിയ സോഷ്യൽ നെറ്റ് വർക്കിംഗ് വെബ്സൈറ്റുകൾ വഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആൾക്കാരുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്ന സ്ഥിതി ഇപ്പോൾ സർവ്വസാധാരണമായിരിക്കുകയാണ്. അവയിൽക്കൂടിയും ആളുകൾ പലവിധത്തിലുള്ള തട്ടിപ്പുകൾക്കും പീഡനങ്ങൾക്കും വിധേയരാകുന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ പരാതികൾ അന്വേഷിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൈബർ ക്രൈം എൻക്വയറി സെല്ലുകളും പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെല്ലും തിരുവനന്തപുരത്ത് സംസ്ഥാനത്തുടനീളം അധികാരപരിധിയുള്ള സൈബർ ക്രൈം പോലീസ് സ്റ്റേഷനും പ്രവർത്തിക്കുന്നു. സൈബർ ക്രൈം സംബന്ധമായ കേസുകൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നുണ്ട്. പോലീസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലേയ്ക്കുള്ള റാങ്കുകളിലുള്ള ഉദ്യോഗസ്ഥ

ന്മാർക്കാണ് അത്തരം കേസുകളുടെ അന്വേഷണ ചുമതല. ഇത്തരം കേസുകളിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള സൈബർ കേസുകൾ തിരുവനന്തപുരത്ത് സൈബർ ക്രൈം പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഇപ്പോൾ ഇതുകൂടാതെ പകർപ്പവകാശം സംരക്ഷിക്കേണ്ട പ്രോഗ്രാമുകളും സിനിമ കളും അനധികൃതമായി വെബ്സൈറ്റുകളിൽ അപ്‌ലോഡ് ചെയ്തും സി. ഡി.-കളിൽ പകർത്തിയും നടത്തിവരുന്ന കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കു ന്നതിൽ ക്രൈംബ്രാഞ്ചിന് കീഴിൽ ആന്റി പൈറസി സെൽ വിഭാഗവും നന്നായി പ്രവർത്തിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെയും വിദ്യാർത്ഥിസമൂഹത്തെയും ബോധവൽക്കരിക്കുന്ന തിന് സ്ക്കൂൾ കോളേജ് തലത്തിൽ ബോധവൽക്കരണ ക്ളാസുകളും മീറ്റിംഗുകളും സംഘടിപ്പിക്കുന്നതിനുള്ള പരിപാടികളിൽ ഗവൺമെന്റ് ശ്രദ്ധചെലുത്തുന്നുണ്ട്. ജനമൈത്രി പോലീസിന്റെ സഹായത്തോടെയും സ്ക്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്ക്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്ക്കൂൾ ജാഗ്രതാ സമിതികൾ, മറ്റ് സന്നദ്ധസംഘടനകൾ തുടങ്ങിയവ മുഖേനയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. അതിന് നമ്മുടെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നല്ല വിധത്തിലുള്ള സഹായം ലഭിക്കുന്നുമുണ്ട്. സമൂഹത്തിൽ ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇന്റർനെറ്റ് കഫേകളിൽ വരുന്നവരുടെ തിരിച്ച

റിയൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മൊബൈൽ ഫോൺ ഷോപ്പുകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഇന്റർനെറ്റ് കഫേകൾ എന്നിവയിൽ സൈബർ കുറ്റകൃത്യ ങ്ങൾ നടക്കുന്നതായി വിവരം അറിഞ്ഞാൽ ആ സ്ഥാപനങ്ങൾ റെയ്ഡ് ചെയ്യുന്നതിനും ഐ.ടി. ആക്ട്, ഐ.പി.സി., കോപ്പിറൈറ്റ് ആക്ട് എന്നിവ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സൈബർ സെല്ലുകളിൽ സാങ്കേതികവിദ്യ നേടിയിട്ടുള്ള കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങ ളുടെ അന്വേഷണം നടത്തുന്നതിനുള്ള വിദഗ്ദ്ധ പരിശീലനത്തിനായി പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ഫോറൻസിക് ട്രെയിനിംഗ് എന്ന കോഴ്സ് സീ–ഡാക്ക് നൽകുന്നുണ്ട്. ഇപ്പോൾ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ എസ്.സി.ആർ.ബി. കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന തിനുവേണ്ടി പോലീസ് ട്രെയിനിംഗ് കോളേജിനോട് ചേർന്ന് സൈബർ ക്രൈം പോലീസ് സ്റ്റേഷനുവേണ്ടി പ്രത്യേകമായി കെട്ടിടം പണിതുകഴി ഞ്ഞു. മൊബൈൽ ഫോണുകളുടെ ദുരുപയോഗം സംബന്ധിച്ച കേസുക ളുടെ ഡാറ്റാ എന്റെ കൈവശമുണ്ട്. അതും ഞാൻ സഭയുടെ മേശപ്പുറ ത്തുവയ്ക്കുകയാണ്. അതോടൊപ്പം സോഷ്യൽ നെറ്റ്വർക്ക് സൈറ്റായ ഫെയ്സ്ബുക്ക്, ഇന്റർനെറ്റ് ഉപഭോക്താക്കൾ ഏറ്റവും കൂടുതൽ ആശ്രയി ക്കുന്ന സെർച്ച് എഞ്ചിനായ ഗൂഗിൾ എന്നിവയുടെ വെബ് പേജുകളിൽ

വരുന്ന ആക്ഷേപകരമായ സംഗതികൾ പരിശോധിക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ ഉള്ള സംവിധാനം ഏർപ്പെടുത്താൻ പരാജയപ്പെടുന്നപക്ഷം പ്രസ്തുത സൈറ്റുകൾ ബ്ലോക്ക് ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സുരേഷ് കെയ്ജ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതുകൂടി ഗവൺമെന്റ് വളരെ ഗൗരവകരമായി പരിശോധിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളുമെടുക്കും. നമ്മുടെ അനന്തരതലമുറയെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമെന്നുള്ള നിലയിൽ അതിന്റെ എല്ലാ ഗൗരവത്തോടുകൂടിയും ഗവൺമെന്റ് ഇതിനെ കാണുകയും ഇത് തടയുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, ഇപ്പോൾ ചില ഷോപ്പുകളിലെയും ഹോട്ടലുകളിലെയും ട്രയൽ റൂമുകളിലും ബാത്ത്റൂമുകളിലും ഒളിക്യാമറ വച്ചുകൊണ്ട് പകർത്തുന്ന സംഭവങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് തടയുന്നതിനുവേണ്ടി ഇടയ്ക്കിടയ്ക്ക് സർപ്രൈസ് വിസിറ്റിംഗും ചെക്കിംഗുകളും അതുപോലെതന്നെ പരിശോധനകൾ നടത്താനും, ഇത് സംബന്ധിച്ച് അങ്ങ് പറഞ്ഞ സമഗ്രമായ നിയമം എന്ന് കൊണ്ടുവരുമെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അതുപോലൊരു കാര്യമുണ്ടായാൽ വ്യാപാരി–വ്യവസായി സമൂഹവുമായി ചർച്ച ചെയ്യും. കാരണം, അവരുടെ വ്യാപാരത്തെ നമ്മൾ വിഷമിപ്പിക്കുന്നു എന്നുള്ള ഒരു

ആക്ഷേപം നാളെ വരരുത്. അതേസമയം അതിനുള്ളിൽ നടക്കുന്ന ഒരു ക്രൈം ഉണ്ടെങ്കിൽ ആ ക്രൈം നമ്മൾ കണ്ടുപിടിക്കുകയും ചെയ്യണം. ഒളിക്ക്യാമറ വച്ച് നമ്മുടെ പാവപ്പെട്ട സഹോദരിമാരുടെ ഡീസെൻസിയെ ബ്രേക്ക് ചെയ്യുന്നത് നമുക്ക് സമ്മതിക്കാൻ കഴിയില്ല. അതുകൊണ്ട് പരാതി യുടെ അടിസ്ഥാനത്തിൽ അന്വേഷിക്കുകയും അതോടൊപ്പം തന്നെ വ്യാ പാരസമൂഹത്തിന്റെ കൂടി അഭിപ്രായം തേടുകയും ചെയ്ത് ഗവൺമെന്റ് യുക്തമായ നടപടി സ്വീകരിക്കും.